## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3458 — 16/12/2015-ൽ മറുപടിയ്ക്ക്

### വില്യാപ്പള്ളിയിലെ ടാഗോർ വായനശാല കെട്ടിടം

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിയോജക മണ്ഡലം ആസ്തി ഫണ്ടിൽപ്പെടുത്തിയിട്ടുള്ള വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ ടാഗോർ വായനശാല കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള തുകയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; | (എ) & (ബി) | ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ: | | |
| (സി) | ടി പ്രൊപ്പോസലിന് ഭരണാനുമതി നൽകാനുള്ള ഫയൽ ധനവകുപ്പിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ടാഗോർ വായനശാല കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് ഭരണാനുമതിയ്ക്ക് ധനകാര്യ വകുപ്പിന്റെ അനുമതി തേടുന്നതിനായി ഈ വിഷയം കൈകാര്യം ചെയ്യുന്ന ഇ-ഫയൽ നമ്പർ 383/ഡിബി2/15/തസ്വഭവ നമ്പർ ഫയൽ സമർപ്പണത്തിലാണ്. |

സെക്ഷൻ ഓഫീസർ